# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2222 — 18.12.2012 ൽ മറുപടിയ്ക്ക്

### അന്തർ സംസ്ഥാന സർവ്വീസുകൾ

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്ത് അന്തർ സംസ്ഥാന ഉടമ്പടികൾ ലംഘിച്ച് തമിഴ് നാട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ സർവ്വീസുകൾ നടത്തുന്ന — തായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) അന്തർ സംസ്ഥാന സർവ്വീസ് നടത്തുവാനുണ്ടാക്കിയ കരാറിന്റെയും ബസ് സർവ്വീസുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | 1976 ൽ നിലവിൽ വന്ന കേരള - തമിഴ്നാട് അന്തർ സംസ്ഥാന റോഡ് ഗതാഗത സർവ്വീസുകളെ സംബന്ധിച്ച കരാറിന്റെ തുടർച്ചയായി 26/10/2007 ൽ പുതിയ കേരള — തമിഴ്നാട് സപ്ലിമെന്ററി കരാർ നിലവിൽ വന്നു.<br>ഇതനുസരിച്ചാണ് കേരള - തമിഴ്നാട് അന്തർ സംസ്ഥാന റോഡ് ഗതാഗത സർവ്വീസുകൾ അതാത് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ നടത്തി വരുന്നത്. അതുപോലെ 1976 ലെ കേരള -കർണ്ണാടക അന്തർ സംസ്ഥാന കരാറിന്റെ തുടർച്ചയായി 4- ാമത് കേരള -കർണ്ണാടക അന്തർ സംസ്ഥാന സപ്ളിമെന്ററി കരാർ 25.08.2008 ൽ നിലവിൽ വന്നു. ഇതനുസരിച്ചാണ് കേരള -കർണ്ണാടക അന്തർ സംസ്ഥാന റോഡ് ഗതാഗത സർവ്വീസുകൾ അതാത് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ നടത്തിവരുന്നത്. ഈ കരാർ പ്രകാരം ഇരു സംസ്ഥാനങ്ങളിലേയും ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് അയൽ സംസ്ഥാനത്തേക്ക് നടത്താവുന്ന സർവ്വീസുകൾ ഓടിയ്ക്കാവുന്ന ദൂരം, കൃത്യമായ റൂട്ടുകൾ, ബസ്സുകളുടെയും, ട്രിപ്പുകളുടെയും എണ്ണം, സ്പെഷ്യൽ സർവ്വീസ് നടത്തിപ്പുകൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിലുള്ള 7 — ാം സപ്ലിമെന്ററി കരാർ പ്രകാരം തമിഴനാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് കേരളത്തിൽ 4226.6 കി.മീ. ദൂരം ഓടിക്കാനും കെ.എസ്.ആർ.ടി.സി.ക്ക് 4232.4 കി.മീ.ദൂരം തമിഴ്നാട്ടിൽ ഓടിയ്ക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരളവും കർണ്ണാടകവുമായി നിലവിലുള്ള 4 ാം സപ്ലിമെന്ററി കരാർ പ്രകാരം കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷന് |

| | | |
|---|---|---|
| | | കേരളത്തിൽ 14343 കി.മീ. ദൂരം ഓടിക്കുവാനും കെ.എസ്.ആർ.ടി.സി.യ്ക്ക് 14401 കി.മീ.ദൂരം കർണ്ണാടകത്തിൽ ഓടിക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. നിലവിൽ 331 അന്തർ സംസ്ഥാന സർവ്വീസുകളാണ് തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ.